©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2025 മാർച്ച് 25<br>25th March 2025<br>1200 മീനം 11<br>11th Meenam 1200<br>1947 ചൈത്രം 4<br>4th Chaithra 1947 | നമ്പർ<br>No. | **1146** |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.44/2025/TAXES. *Dated, Thiruvananthapuram, 24th March, 2025*
*10th Meenam, 1200*

**S. R. O. No. 319/2025**

In exercise of the powers conferred by clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act for the registration of the instrument of conveyance of a house and a property of 2.03 ares each in the name of 10 beneficiaries comprised in Re-Survey No.190/4 (Basic Survey No.190/1) in Kankole

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Alakkad Desam in Payyannur Taluk in Kannur District under the housing scheme of Cardinal Mar Cleemis Catholic Bava, subject to the certification by the Tahsildar concerned that the beneficiaries are indeed below the poverty line.

By order of the Governor,

DR A JAYATHILAK I A S

*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The beneficiaries, including Marimani and others, had requested the Government to grant exemption from payment of stamp duty required for the registration of the instrument of conveyance of a house and a property of 2.03 ares each in the name of 10 beneficiaries comprised in Re-Survey No.190/4 (Basic Survey No.190/1) in Kankole Alakkad Desam in Payyannur Taluk in Kannur District under the housing scheme of Cardinal Mar Cleemis Catholic Bava. The Government have examined the matter in detail and decided to allow the request on public interest subject to the certification by the Tahsildar concerned that the beneficiaries are indeed below the poverty line.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.25 02:06:58 +05:30

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2025 മാർച്ച് 25<br>25th March 2025<br>1200 മീനം 11<br>11th Meenam 1200<br>1947 ചൈത്രം 4<br>4th Chaithra 1947 | നമ്പർ<br>No. 1147 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.45/2025/TAXES. *Dated, Thiruvananthapuram, 24th March, 2025*
*10th Meenam, 1200*

**S. R. O. No. 320/2025**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the fee payable under the said Act for the registration of the instrument of conveyance of a house and a property of 2.03 ares each in the name of 10 beneficiaries comprised in Re-Survey No.190/4 (Basic Survey No.190/1) in Kankole Alakkad Desam in Payyannur

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Taluk in Kannur District under the housing scheme of Cardinal Mar Cleemis Catholic Bava, subject to the certification by the Tahsildar concerned that the beneficiaries are indeed below the poverty line.

By order of the Governor,

DR A JAYATHILAK I A S

*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The beneficiaries, including Marimani and others, had requested the Government to grant exemption from payment of registration fee required for the registration of the instrument of conveyance of a house and a property of 2.03 ares each in the name of 10 beneficiaries comprised in Re-Survey No.190/4 (Basic Survey No.190/1) in Kankole Alakkad Desam in Payyannur Taluk in Kannur District under the housing scheme of Cardinal Mar Cleemis Catholic Bava. The Government have examined the matter in detail and decided to allow the request on public interest subject to the certification by the Tahsildar concerned that the beneficiaries are indeed below the poverty line.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.25 02:08:14 +05:30

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

19/3/25

ഫയൽ നം. ജെ2/54/2024/നി.വ. ഇനം നം: 2778

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - കർദ്ദിനാൾ മാർ ക്ലീമീസ് കാതോലിക്കാ ബാവായുടെ ഭവന പദ്ധതി പ്രകാരം ലഭിച്ച സ്ഥലവും വീടും ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നൽകണമെന്ന അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(J)
19/3

2778

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ2/54/2024/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികതി വകുപ്പ് - രജിസ്ട്രേഷൻ - കർദ്ദിനാൾ മാർ ക്ളീമിസ് കാതോലിക്കാ ബാവായുടെ ഭവന പദ്ധതി പ്രകാരം ലഭിച്ച സ്ഥലവും വീട്ടും ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നൽകണമെന്ന അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.02.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/03/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.03.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

3,

,04,100/- രൂപ

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കർദ്ദിനാൾ മാർ ക്ളീമിസ് കാതോലിക്കാ ബാവായുടെ ഭവന പദ്ധതി പ്രകാരം ലഭിച്ച സ്ഥലവും വീടും ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നൽകണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലക്കാട് ദേശത്ത് വീടും സ്ഥലവും ഇല്ലാത്ത നിർദ്ധനരായ 10 കുടുംബങ്ങൾക്ക് 2020 ൽ കർദ്ദിനാൾ മാർ ക്ളീമിസ് കതോലിക്കാ ബാവയുടെ ഭവന പദ്ധതി പ്രകാരം ബത്തേരി മലങ്കര കത്തോലിക്കാ സഭ വീടുകൾ നിർമ്മിച്ച് 5 സെന്റ് സ്ഥലം വീതം ദാനമായി നൽകുകയുണ്ടായി. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണെന്നും സ്ഥലവും വീടും രജിസ്റ്റർ ചെയ്യാത്തതുകൊണ്ട് മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലായെന്നതിനാൽ പ്രസ്തുത വസ്തുവും വീടും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ മുദ്ര വില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നൽകണമെന്നും ആവശ്യപ്പെട്ട് ഗുണഭോക്താക്കളായ ശ്രീമാരിമണി മുതൽപേർ നവകേരള സദസ്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3) 10 ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ട വസ്തുക്കൾ കാങ്കോൽ ആലക്കാട് ദേശത്ത് റീ സർവ്വെ 190/4 (അടിസ്ഥാന സർവ്വെ 190/1) ൽ ഉൾപ്പെട്ടു വരുന്നതാണ്. 2.03 ആർ വസ്തുവിന് 3,60,000/- രൂപയും ഭവനത്തിന്റെ വില 3,54,100/- രൂപയും ഉൾപ്പെടെ ആകെ മാർക്കറ്റ് വില 7,14,100/- രൂപയാണ്. 10 ആധാരങ്ങളും 7,14,100/- രൂപ മാർക്കറ്റ് വില കാണിച്ചിട്ടുള്ള ധനനിശ്ചയാധാരങ്ങളാണ്. ധനനിശ്ചയാധാരമായതിനാൽ മാർക്കറ്റ് വില 7,14,100/- പ്രകാരം 10 ആധാരത്തിന് 5% നിരക്കിൽ 3,57,050/- രൂപ മുദ്രയിനത്തിലും 1,42,820/- രൂപ ഫീസിനത്തിലും കണക്കാക്കിയാൽ ആകെ 4,99,870/- രൂപ റവന്യൂ നഷ്ടം വരുന്നതാണ്. ന്യായ വില പ്രകാരം റവന്യൂ നഷ്ടം കണക്കാക്കിയാൽ 3,68,168/- രൂപ വില വരുന്ന 10 ആധാരങ്ങൾക്ക് 5% നിരക്കിൽ 1,84,100/- രൂപ

മുദ്രയിനത്തിലും 73,640/- രൂപ ഫീസിനത്തിലും ഉൾപ്പെടെ ആകെ 2,57,740/- രൂപ റവന്യൂ നഷ്ടം വരുന്നതുമാണ്.

4) അപേക്ഷ പ്രകാരമുള്ള രജിസ്ട്രേഷന് 1959 -ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും, 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും യഥാക്രമം സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കുകയാണെങ്കിൽ മുദ്രവില ഇനത്തിൽ 3,57,050/- രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,42,820/- രൂപയും ഉൾപ്പെടെ 4,99,870/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും റവന്യൂ നഷ്ടം ഉണ്ടാകുന്നതാണ് എന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) 1959 -ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 -ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

6) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ഭരണ വകുപ്പ് ഫയലിൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ എല്ലാം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ് എന്ന തഹസിൽദാരുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി ഫയലിൽ പരാമർശിക്കുന്ന 10 പേരുടെ പേരിലേക്ക് വീടും 5 സെന്റ് വസ്തുവും രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ് അനുവദിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു."

7) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കർദ്ദിനാൾ മാർ ക്ളീമിസ് കാതോലിക്കാ ബാവായുടെ ഭവന പദ്ധതി പ്രകാരം ലഭിച്ച കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക്, കാങ്കോൽ ആലക്കാട് ദേശത്ത് റീ സർവ്വെ 190/4 (അടിസ്ഥാന സർവ്വെ 190/1) ൽപ്പെട്ട വീടും 2.03 ആർ വീതമുള്ള വസ്തുവും 10 ഗുണഭോക്താക്കളുടെ പേരിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ആവശ്യമായ 4,99,870/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം), ഇവർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ് എന്ന ബന്ധപ്പെട്ട തഹസിൽദാരുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി, ഇളവ് ചെയ്ത് നൽകാമോ?